## പ്രശ്നവും വീക്ഷണവും
### / ഇല്‍യാസ് മൗലവി

# സ്ത്രീധനത്തെക്കുറിച്ച് ചില ചോദ്യങ്ങള്‍

**മുസ്‌ലിം സമുദായത്തില്‍ വിവാഹത്തോടനുബന്ധിച്ച സ്ത്രീധന സമ്പ്രദായം നിലനില്‍ക്കുന്നുണ്ട്. ഇത് ഹലാലാണെന്നും ഹറാമാണെന്നും വ്യത്യസ്ത അഭിപ്രായങ്ങള്‍ കേള്‍ക്കുന്നു. എന്താണ് ഇതുസംബന്ധിച്ച് ഇസ്‌ലാമിക കാഴ്ചപ്പാട്?**

**വി**വാഹം കഴിക്കാനുദ്ദേശിക്കുന്ന ചെറുപ്പക്കാരനോ ബന്ധുക്കളോ വിവാഹം നടക്കാനുള്ള ഉപാധിയായി പെണ്ണിന്റെ ബന്ധുക്കളുടെമേല്‍ നിശ്ചയിക്കുന്ന പണം, പണ്ടം, വസ്തുവഹകള്‍ തുടങ്ങിയ സാമ്പത്തിക ബാധ്യതകളാണ് ഇവിടെ സ്ത്രീധനം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

ഇങ്ങനെ ഒരു ഉപാധിവെക്കുന്നത് വിവാഹം കഴിക്കുന്നവനോ അവന്റെ രക്ഷിതാക്കളോ ആവാം. ഇത് നല്‍കേണ്ട ബാധ്യത പെണ്ണിനോ അവളുടെ രക്ഷിതാക്കള്‍ക്കോ ആയിരിക്കും. ആ ഉപാധി അംഗീകരിക്കാന്‍ കൂട്ടാക്കാത്ത പക്ഷം ബാക്കിയെല്ലാ കാര്യങ്ങളും പൂര്‍ത്തിയായാലും വിവാഹം നടക്കില്ല.

ഇന്നറിയപ്പെടുന്ന ഈ സ്ത്രീധന സമ്പ്രദായം ഹറാമാണെന്ന കാര്യത്തില്‍ സംശയമില്ല. അന്യായമായി അന്യന്റെ മുതല്‍ അനുഭവിക്കുക എന്ന, അല്ലാഹു ശക്തമായി വിലക്കിയ ഗണത്തിലാണ് ഇത് പെടുക. നിവൃത്തിയില്ലാതെ കിടപ്പാടം വിറ്റും, താങ്ങാനാവാത്ത കടബാധ്യതകള്‍ വരുത്തിവെച്ചും, മറ്റുള്ളവരോട് അഭിമാനം പണയം പെടുത്തി യാചിച്ചും, മാനസികവും ശാരീരികവുമായ വേദനയനുഭവിച്ചും രക്ഷിതാക്കള്‍ മനസ്സാ ശപിച്ചു കൊണ്ട് നല്‍കുന്ന സ്ത്രീധനത്തെ ന്യായീകരിക്കുന്ന ഖുര്‍ആന്‍ സൂക്തങ്ങളോ നബി വചനങ്ങളോ ഇമാമുമാരുടെ പ്രസ്താവനകളോ ഒന്നുമില്ല.

**സ്ത്രീധനം ഹറാമാകുന്നത് ഏത് അടിസ്ഥാനത്തിലാണ്?**

ഒന്ന്: ഇസ്‌ലാമിക ദൃഷ്ട്യാ ഒരാളുടെ കൈവശമിരിക്കുന്ന പണം മറ്റൊരാള്‍ക്ക് അനുവദനീയമാവണമെങ്കില്‍ അത് താഴെ പറയുന്ന ഏതെങ്കിലും മാര്‍ഗങ്ങളിലൂടെ ആയിരിക്കണം. കച്ചവടം, കൃഷി, അധ്വാനം, തൊഴില്‍ എന്നിവയിലൂടെ ലഭിക്കുന്നത്. അല്ലെങ്കില്‍ സംഭാവനയായോ ദാനമായോ പാരിതോഷികമായോ ഏകപക്ഷീയമായി മറ്റൊരാള്‍ നല്‍കുന്നത്. കൂടാതെ അനന്തരാവകാശം, വസ്വിയ്യത്ത് തുടങ്ങിയ മാര്‍ഗങ്ങള്‍.

നബി (സ) പറഞ്ഞു: ഒരു മുസ്‌ലിമിന് തന്റെ സഹോദരന്റെ ഒരു വടിപോലും അവന്റെ തൃപ്തിയോടെയല്ലാതെ അനുവദനീയമാവുകയില്ല. ഒരു മുസ്‌ലിമിന്റെ സമ്പത്തില്‍ മറ്റൊരു മുസ്‌ലിമിന് എത്രത്തോളം ബാധ്യതയുണ്ട് എന്നതിന്റെ ഗൗരവം കൊണ്ടാണ് അത് (ഇബ്നു ഹിബ്ബാന്‍). ഇവിടെ സ്ത്രീധനം ഈ അനുവദനീയമായ ഗണത്തിലൊന്നും പെടുന്നില്ല.

രണ്ട്: ഖുര്‍ആന്റെ കല്‍പനക്ക് നേര്‍വിപരീതമാണിത്. കാരണം പുരുഷനോട് സ്ത്രീക്ക് വിവാഹമൂല്യം അങ്ങോട്ട് കൊടുക്കണമെന്നാണ് ഖുര്‍ആന്റെ നിര്‍ദ്ദേശം. അതിന് ഒരു പരിധിയുമില്ല. പരിധിവെച്ച് നിയന്ത്രിക്കാന്‍ ശ്രമിച്ച ഭരണാധികാരികള്‍ പ്രജകളാല്‍ ചോദ്യം ചെയ്യപ്പെട്ട മഹത്തായ ചരിത്രമാണ് ഇസ്‌ലാമിന്റേത്. അങ്ങനെ നല്‍കുന്ന മഹര്‍ അതോടെ ഭാര്യയുടെ അവകാശമായിത്തീരുന്നു. അതില്‍ പിന്നീട് ഭര്‍ത്താവിന് ഉടമസ്ഥാവകാശമുണ്ടാവില്ല.

മൂന്ന്: ഇതര സമുദായങ്ങളുടെയും വിഭാഗങ്ങളുടെയും അനാചാരങ്ങള്‍ പിന്‍പറ്റുക എന്നതുകൂടിയാണിത്. 'ആര്‍ ഒരു സമുദായത്തോട് സാദൃശ്യം പുലര്‍ത്തിയോ അവന്‍ അവരില്‍ പെട്ടവനാണ്' എന്നാണ് നബി വചനം.

നാല്: സ്ത്രീധന സമ്പ്രദായത്തിലൂടെ ഒരാള്‍ക്ക് മാത്രം സന്തോഷം ലഭിക്കുമ്പോള്‍ ഒരുപാട് പേര്‍ ദുഃഖിക്കുകയും പ്രയാസപ്പെടുകയും ചെയ്യേണ്ടിവരുന്നു.

അഞ്ച്: പുരുഷന്റെ പൗരുഷത്തിനു ചേര്‍ന്ന ഏര്‍പ്പാടല്ല പെണ്ണിന്റെ വീട്ടുകാരുടെ ഓശാരം കൊണ്ട് വിവാഹം കഴിക്കലും ആഘോഷിക്കലും.

വരന്‍ നിര്‍ബന്ധമായും വധുവിന് വിവാഹമൂല്യം കൊടുക്കണമെന്നനുശാസിക്കുന്ന ധാരാളം പ്രമാണങ്ങളുണ്ട്. അതെല്ലാം അവഗണിച്ച് മഹര്‍ നല്‍കലിനെ വളരെ നിസ്സാരവും നാമമാത്രവുമായ ചടങ്ങാക്കി മാറ്റുന്നു. ഒരു പവന്‍ മഹര്‍ നിശ്ചയിച്ച് പത്തു പവന്‍ ആഭരമവും ഒരു



## അറിയാതെ സ്ത്രീധനം വാങ്ങിച്ചുപോയവർ എന്തുചെയ്യണം?

സ്ത്രീധന സമ്പ്രദായത്തിന്റെ അനിസ്‌ലാമികതയും ഭവിഷ്യത്തും അറിയാതെ സ്ത്രീധനം വാങ്ങിച്ചുപോയവർ തെറ്റ് തിരുത്തേണ്ടതാണ്. തങ്ങൾ പ്രയാസപ്പെടുത്തിയ ഭാര്യവീട്ടുകാരെയും രക്ഷിതാക്കളെയും കണ്ട് അതവർക്ക് തിരിച്ചേൽപ്പിക്കണം. അവർ വിട്ടു തരുകയാണെങ്കിൽ മടക്കേണ്ടതില്ല. മരിച്ചു പോയെങ്കിൽ അവർക്ക് വേണ്ടി ദാനധർമ്മങ്ങൾ ചെയ്യുക. തിരിച്ചുകൊടുക്കാനുള്ള വകയില്ലെങ്കിൽ അവരെക്കൊണ്ട് പൊരുത്തപ്പെടുവിക്കുക. സർവോപരി തൗബ ചെയ്യുക.

ലക്ഷം രൂപയും ഇങ്ങോട്ടു വാങ്ങുന്നു. ഇത് ശരീഅത്തിനെ അട്ടിമറിക്കലല്ലെങ്കിൽ മറ്റെന്താണ്.

നേരത്തെ വിശദീകരിച്ചതിൽ നിന്ന് ഭിന്നമായി, ഏതെങ്കിലും രക്ഷിതാക്കൾ സ്വയം തൃപ്തിപ്പെട്ട് തങ്ങളുടെ മകളുടെ വിവാഹത്തോടനുബന്ധിച്ച് ആഭരണമായും അല്ലാതെയും സ്ത്രീക്ക് നൽകുന്ന വിവാഹ സമ്മാനങ്ങൾ സ്ത്രീധനമായി പരിഗണിക്കാവതല്ല. ചെറുക്കന്റേയോ ബന്ധപ്പെട്ടവരുടെയോ ഇംഗിതമോ പ്രേരണയോ ദല്ലാൾമാർ മുഖേനയുള്ള സൂചനയോ ഒന്നുമില്ലാതെയാണെങ്കിൽ തീർച്ചയായും നേരത്തെ പറഞ്ഞ നിഷിദ്ധമായ ഗണത്തിൽ അത് പെടുകയില്ല. എന്നുമാത്രമല്ല, നബി (സ) തിരുമേനി തന്റെ പുന്നാര മകൾ ഫാത്വിമയെ കെട്ടിച്ചയക്കുമ്പോൾ അത്യാവശ്യം വേണ്ട വീട്ടുസാമഗ്രികൾ ഒരുക്കി കൊടുത്തയച്ചതായി ഹദീസുകളിൽ സ്ഥിരപ്പെട്ടതാണ്.

പക്ഷേ, അങ്ങനെ ചെയ്യാനുദ്ദേശിക്കുന്നവർ ചില കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. സ്ത്രീധനം എന്ന അനാചാരം സാർവത്രികമായിരിക്കേ രക്ഷിതാക്കൾ തങ്ങളുടെ മരുമകന് വിവാഹത്തോടനുബന്ധിച്ച് വാഹനവും മറ്റും നൽകുന്നത് തെറ്റിദ്ധാരണ സൃഷ്ടിക്കാൻ ഇടയാക്കും. അതിനെ സ്ത്രീധനത്തിന്റെ ഗണത്തിൽപ്പെടുത്തി സ്ത്രീ ധനത്തെ ന്യായീകരിക്കാനും അതിനെ വെള്ളപൂശാനും തൽപര കക്ഷികൾ അവസരമായി ഉപയോഗപ്പെടുത്തും. സർവോപരി, അത് അനാചാരവും ബിദ്അത്തും ഇസ്‌ലാമിക സംസ്കാരത്തിന് വിരുദ്ധവുമാണെന്ന് ശക്തമായി സമൂഹത്തിൽ ബോധവൽക്കരണം നടത്തുന്നവർക്ക് ആ രീതികൾ വലിയ പ്രയാസങ്ങൾ സൃഷ്ടിക്കും. അതിനാൽ വിവാഹത്തോടനുബന്ധിച്ച് അത്തരം കാര്യങ്ങൾ ചെയ്യാതെ സൗകര്യംപോലെ പിന്നീടെപ്പോഴെങ്കിലും ആവുന്നതാണ് ഉചിതം.

**സ്ത്രീധനം ഉള്ള വിവാഹ ചടങ്ങുകളിൽ പങ്കെടുക്കാമോ? സ്ത്രീധനത്തിന്റെ പേരിൽ ബന്ധുക്കളുടെയും സുഹൃത്തുക്കളുടെയും ക്ഷണം നിരസിക്കുന്നത് ശരിയാണോ?**

സ്ത്രീധനം വാങ്ങുന്ന വിവാഹങ്ങളും സ്ത്രീധനം കൊടുക്കുന്ന വിവാഹങ്ങളുമുണ്ട്. കൊടുക്കുന്നതിൽ തന്നെ ചെറുക്കന്റെ ഭാഗത്ത് നിന്നുള്ള ഡിമാന്റ് അംഗീകരിച്ചുകൊണ്ട് അതിൽ യാതൊരു പ്രയാസവും തോന്നാതെ നൽകുന്നവരുണ്ട്. മകളുടെ വിവാഹ പ്രായം കഴിഞ്ഞുപോകുമല്ലോ, ഇനിയും എത്രകാലമാണ് കാത്തിരിക്കുക, ഇനി ഇതല്ലാതെ നിവൃത്തിയില്ല എന്ന രൂപത്തിൽ നിർബന്ധിതരായി കൊടുക്കുന്നവരുമുണ്ട്. ഇവയിൽ എല്ലാറ്റിനും ഒരേ വിധിയല്ല. ഓരോന്നിന്റെയും പശ്ചാത്തലമനുസരിച്ച് വിധികളും മാറും.

ഇതിൽ, സ്ത്രീധനം ചോദിച്ച് വാങ്ങുന്നവരുമായി നിസ്സഹകരിക്കുക തന്നെയാണ് വേണ്ടത്. അനീതിക്കും അനാചാരത്തിനും കൂട്ടുനിൽക്കലും അതിൽ പങ്കാളികളാവലുമായിരിക്കുമത്. മറ്റേതൊരു നിഷിദ്ധത്തോടുമെന്ന പോലെത്തന്നെ അകന്നു നിൽക്കുക എന്നത് തന്നെയാണ് ഇവിടെ ഒരു വിശ്വാസിയുടെ ധർമ്മം.

എന്നാൽ, ഇങ്ങനെ അകന്നു നിൽക്കും മുമ്പ് അനിവാര്യമായും ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളുണ്ട്. തിന്മയുടെ ഉഛാടനമാണല്ലോ മുഖ്യ ലക്ഷ്യം. ആ ലക്ഷ്യം നിറവേറ്റപ്പെടുകയില്ലെന്ന് വരുകയും അതിലുപരി മറ്റു ചില തിന്മകൾ (കുടുംബ ബന്ധം ശിഥിലമാകൽ പോലെ) കൂടി ഉണ്ടായിത്തീരുകയും ചെയ്യുന്നത് സംബന്ധിച്ച് ജാഗ്രത പുലർത്തണം. ഇത്തരം തിന്മകൾ ഇല്ലായ്മ ചെയ്യാനുള്ള വഴികൾ എന്നന്നേക്കുമായി അടഞ്ഞു പോവുകയും കൂടി ചെയ്യുന്ന സാഹചര്യം സൃഷ്ടിക്കപ്പെടുകയാണെങ്കിൽ ഇങ്ങനെയുള്ള നിസ്സഹകരണ സമീപനം ഗുണത്തേക്കാളേറെ ദോഷമായി ഭവിച്ചേക്കാം. അത്തരം സന്ദർഭങ്ങളിൽ ഈ സമീപനം സ്വീകരിക്കാവതല്ല.

സ്ത്രീധനം ഹറാമാണെന്നോ അത് അനാചാരമാണെന്നോ ഉള്ള ബോധം മുസ്‌ലിംകളിൽ പലർക്കും ഇല്ലാതിരിക്കുകയും പണ്ഡിതന്മാർ തങ്ങളുടെ ദൗത്യം നിർവഹിക്കാതെ സ്ത്രീധന വിവാഹ സദസ്സുകളിൽ അഹമഹമികയാ പങ്കെടുക്കുകയും ചെയ്യുന്ന അവസ്ഥയാണ് ഇന്നുള്ളത്. ഇതുമൂലം ഈ സമ്പ്രദായം ഒരു ഗുരുതര തെറ്റല്ലെന്ന വീക്ഷണം വേരുറച്ചുപോയ സമൂഹത്തിൽ, വിവാഹ പ്രായം കവിഞ്ഞ പെൺമക്കളെ വിവാഹം ചെയ്തുകൊടുക്കാൻ നിവൃത്തിയില്ലാതെ സ്ത്രീധനം നൽകിയെങ്കിലും വിവാഹത്തിന് ഒരുങ്ങുമ്പോൾ അതിനോട് നിസ്സഹകരണ സമീപനം സ്വീകരിക്കുന്നത് ശരിയല്ല.

സ്ത്രീധനം നിഷിദ്ധമാണെന്നും അത് വാങ്ങുന്നതും അനുഭവിക്കുന്നതും 'അന്യരുടെ മുതൽ അന്യായമായി ഭുജിക്കുക' എന്ന അല്ലാഹു വിലക്കിയ ഗണത്തിലാണ് പെടുകയെന്നും ഇനിയും ബോധ്യമുണ്ടായിട്ടില്ലാത്ത ഒരു സാഹചര്യത്തിൽ കേവലമായ വിട്ടുനിൽക്കൽ ഉചിത സമീപനമാണെന്ന് തോന്നുന്നില്ല. വിട്ടുനിൽക്കുന്നത് അവരെ പുനരാലോചനക്ക് പ്രേരിപ്പിക്കാനും, കാര്യത്തിന്റെ ഗൗരവം മനസ്സിലാക്കി അത്തരം നിഷിദ്ധതകൾ ഒഴിവാക്കാനും സാധ്യതയുണ്ടെങ്കിൽ തീർച്ചയായും വിട്ടുനിൽക്കുക തന്നെയാണ് വേണ്ടത്. ഇതിലേത് നിലപാടാണ് ഉചിതമെന്നത് ഓരോരുത്തരുടെയും സാഹചര്യമനുസരിച്ചായിരിക്കും. ചോദ്യകർത്താവിനും ബന്ധപ്പെട്ടവർക്കുമാണ് അത് കൂടുതലറിയുക. ■



എന്റെ അടുത്ത ബന്ധത്തിലുള്ള ഒരു സഹോദരിയുടെ ഭർത്താവ് ഈയിടെ മരിച്ചു. സഹോദരിയുടെ ഇദ്ദയുമായി ബന്ധപ്പെട്ട് പല പ്രശ്നങ്ങളും ഉടലെടുത്തു. നാട്ടിലെ പൊതുരീതിയനുസരിച്ച്, സഹോദരി വെളിയിലിറങ്ങാതെ ഇരുട്ടുമുറിയിൽ നമസ്കാര കുപ്പായവുമിട്ട് ഇരിക്കണമെന്നും, ബന്ധുക്കളുമായും ഭർത്താവിന്റെ സുഹൃത്തുക്കളുമായും അയൽവാസികളുമായി പോലും സംസാരിച്ചുകൂടെന്നും വിലക്കുണ്ട്. ഇതുസംബന്ധമായി ഒരു പണ്ഡിതനോട് ചോദിച്ചപ്പോൾ മറയ്ക്ക് പിന്നിൽ നിന്നുകൊണ്ടല്ലാതെ സംസാരിക്കരുതെന്ന് അദ്ദേഹവും ഊന്നിപ്പറഞ്ഞു. ഇതെല്ലാം ഇസ്‌ലാം നിർദേശിച്ചത് തന്നെയോ എന്ന് സംശയിച്ചു പോകുന്നു. എന്താണ് വസ്തുത?

# ഇദ്ദയിൽ പാലിക്കേ **മര്യാദകൾ എന്തെല്ലാം?**

**ഭർ**ത്താവിന്റെ മരണത്തിൽ ഇദ്ദയാചരിക്കുന്ന ഭാര്യമാർ അടച്ചുപൂട്ടി മുറിയിൽ ഇരിക്കണമെന്നോ, പ്രത്യേക രൂപത്തിലും വർണത്തിലുമുള്ള വസ്ത്രം ധരിക്കണമെന്നോ യാതൊരു നിർദേശവും ഇസ്‌ലാം നൽകിയിട്ടില്ല. അന്യസ്ത്രീ പുരുഷന്മാർ പരസ്പരം സംസാരിക്കുമ്പോൾ പാലിക്കേണ്ട ചില മര്യാദകൾ ഇസ്‌ലാം പഠിപ്പിച്ചിട്ടുണ്ട്. അത് പക്ഷേ എല്ലാ സ്ത്രീകൾക്കും ബാധകവുമാണ്. ഇദ്ദയിരിക്കുന്നവർക്ക് മാത്രം ബാധകമായതല്ല. ഇവ പാലിക്കാൻ എല്ലാവരെയും പോലെ അവരും ബാധ്യസ്ഥരാണെന്ന് മാത്രം.

വിധവകളെ സംബന്ധിച്ചേടത്തോളം ജാഹിലിയ്യാ കാലത്ത് നിലനിന്നിരുന്ന പലതരം അനാചാരങ്ങളും അനീതി നിറഞ്ഞതായിരുന്നു. ഇസ്‌ലാം അവയെല്ലാം നിരോധിച്ചു. എന്നിട്ട് മാന്യവും സംസ്കാര സമ്പന്നവുമായ ഒരു രീതി പഠിപ്പിച്ചു. ഇന്ന് സമൂഹത്തിൽ കാണുന്ന പല കണിശതകളും അന്യ സംസ്കാരങ്ങളിൽ നിന്ന് കടന്നുവന്നതും തികച്ചും സ്ത്രീവിരുദ്ധവുമാണ്. ഇസ്‌ലാം അത്തരം മാമൂലുകൾ നിഷ്കർഷിച്ചിട്ടില്ല. നമ്മുടെ പണ്ഡിതന്മാർ അവയൊന്നും തിരുത്താൻ ശ്രമിക്കാതെ, അത്തരം അനാചാരങ്ങൾക്ക് ഓശാന പാടുന്നത് എന്തുമാത്രം സങ്കടകരമല്ല!

ഭർത്താവ് മരണപ്പെട്ട സ്ത്രീകൾ മരണ വിവരം അറിഞ്ഞതുമുതൽ അലങ്കാരങ്ങളും ബാഹ്യമായ സൗന്ദര്യ പ്രകടനങ്ങളും ഒഴിവാക്കി നാലു മാസവും പത്ത് ദിവസവും കാത്തിരിക്കേണ്ടതാണ് എന്ന് അല്ലാഹു വ്യക്തമാക്കിയിട്ടുണ്ട്. ഇതിന് ശരീഅത്തിന്റെ സാങ്കേതിക ഭാഷയിൽ 'ഹിദാദ്' (ദുഃഖാചരണം) എന്നു പറയും.

ഈ കാലയളവിൽ എന്തെല്ലാം കാര്യങ്ങളാണ് ശ്രദ്ധിക്കേണ്ടതെന്ന് നിരവധി ഹദീസുകളിലൂടെ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. അവയിൽ ചിലത് താഴെ.

ഒന്ന്: ഭർത്താവിന്റെ മരണം നിമിത്തമല്ലാതെ, മൂന്ന് ദിവസത്തിലേറെ ഹിദാദ് സ്വീകരിക്കുന്നത് അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്ന ഒരു സ്ത്രീക്കും അനുവദനീയമല്ല. ഭർത്താവ് മരിച്ചാൽ അത് നാലുമാസവും പത്ത് ദിവസവും വേണം (ബുഖാരി, മുസ്‌ലിം).

രണ്ട്: ഒരു സ്ത്രീ നബി(സ)യോട് ചോദിച്ചു: "അല്ലാഹുവിന്റെ ദൂതരേ, എന്റെ പുത്രിയുടെ ഭർത്താവ് മരിച്ചു. അവൾക്കാണെങ്കിൽ കണ്ണിന് അസുഖം. അവൾക്ക് സുറുമയിട്ടുകൂടെ?" "പാടില്ല" തിരുദൂതർ പറഞ്ഞു. സ്ത്രീ മൂന്നു പ്രാവശ്യം ചോദിച്ചപ്പോഴും അതുതന്നെയായിരുന്നു മറുപടി. തുടർന്ന് അദ്ദേഹം പറഞ്ഞു: "അതു നാലു മാസവും പത്തു ദിവസവുമാണ്. ജാഹിലിയ്യാ കാലത്ത് നിങ്ങൾ ഒരു വർഷം വരെ കാത്തിരിക്കേണ്ടിവന്നിരുന്നില്ലേ?" (ബുഖാരി, മുസ്‌ലിം).

മൂന്ന്: ഭർത്താവിന് വേണ്ടിയല്ലാതെ ഒരു സ്ത്രീയും മൂന്ന് ദിവസത്തിലേറെ ഹിദാദ് ആചരിക്കരുത്. ഭർത്താവ് മരിച്ചാൽ നാലു മാസവും പത്തു ദിവസവും അത് ആചരിക്കുകയും വേണം. 'ഉസ്ബി' ന്റെ വസ്ത്രങ്ങളല്ലാതെ നിറം കൊടുത്ത വസ്ത്രങ്ങളൊന്നും അക്കാലത്ത് ധരിക്കരുത്. സുറുമയെഴുതരുത്. സുഗന്ധം പൂശുകയുമരുത് (ഉസ്ബി- അക്കാലത്ത് സ്ത്രീകൾ സാധാരണയായി ധരിച്ചിരുന്ന അലങ്കാരങ്ങളില്ലാത്ത ഒരു തരം യമനി വസ്ത്രം).

നാല്: സുഗന്ധം പുരട്ടി മുടി ചീകരുത്. മൈലാഞ്ചിയും അരുത്. കാരണം അതൊരു ചായമിടലാണ്. ഞാൻ ചോദിച്ചു. പിന്നെന്തുപയോഗിച്ചാണ് മുടി ചീകേണ്ടത്? അദ്ദേഹം പറഞ്ഞു: 'സിദ്ർ' (താളി) കൊണ്ട് തലമുടി ചീകുക (അബൂ ദാവൂദ്).

അഞ്ച്: 'ഭർത്താവ് മരണപ്പെട്ട ഒരു സ്ത്രീയോട് തിരുദൂതർ ഇപ്രകാരം പറയുകയുണ്ടായി: 'ചുവന്ന നിറമുള്ളതും ചിത്രപണികളുള്ളതുമായ വസ്ത്രങ്ങളും ആഭരണങ്ങളും ധരിക്കരുത്. മൈലാഞ്ചി അണിയരുത്. സുറുമയിടരുത്' (നസാഇ, അബൂദാവൂദ്). ഇവയുടെ വെളിച്ചത്തിൽ പണ്ഡിതന്മാർ, ഭർത്താവ് മരണപ്പെട്ട ഭാര്യയുടെ ഇദ്ദയുമായി ബന്ധപ്പെട്ട വിധികൾ ഇങ്ങനെ സംഗ്രഹിച്ചിരിക്കുന്നു.

ഒന്ന്: വീട്ടിൽ നിന്ന് ആവശ്യമില്ലാതെ പുറത്തിറങ്ങരുത്.

രണ്ട്: വർണപ്പകിട്ടാർന്ന ഉടയാടകൾ വർജിക്കേണ്ടതാണ്. എന്നാൽ, കറുപ്പോ വെളുപ്പോ തന്നെ വേണമെന്നില്ല. സൗന്ദര്യം പൊലിപ്പിച്ച് കാട്ടുന്ന വസ്ത്രമാകരുതെന്നേയുള്ളൂ.

മൂന്ന്: ആഭരണങ്ങൾ (സ്വർണമാകട്ടെ അല്ലാത്തവ കൊണ്ടുള്ളതാകട്ടെ) അണിയാൻ പാടില്ല.

നാല്: സുഗന്ധങ്ങളും വർജിക്കേണ്ടതാണ്. അത്തറുകൾ, സ്പ്രേകൾ, കുന്തിരിക്കം, കസ്തൂരി, ഊദ് തുടങ്ങിയവയൊന്നും ഉപയോഗിക്കാൻ പാടില്ല. സോപ്പും ഷാംപുവും ഉപയോഗിക്കാവുന്നതാണ്.

അഞ്ച്: സുറുമ, കൺമഷി, മൈലാഞ്ചി തുടങ്ങിയ സൗന്ദര്യ വർധക വസ്തുക്കളും വർജിക്കേണ്ടതാണ്.

### അന്യപുരുഷന്മാരുമായുള്ള സംസാരം?

ഇദ്ദയും ഹിദാദും ആചരിക്കുന്ന സ്ത്രീകൾക്ക് പുരുഷന്മാരോട് മാന്യമായി സംസാരിക്കാം. പുരുഷന്മാർക്ക് അങ്ങോട്ടുമാകാം. വിവാഹം നിഷിദ്ധമായവരും അല്ലാത്തവരുമായ വിശ്വസ്തരായ പുരുഷന്മാർക്ക് അവളെ സന്ദർശിക്കാം. തനിച്ചാവുന്ന അവസ്ഥ ഉണ്ടാവരുത്. ഇരുട്ടുമുറിയിൽ ഏകാന്ത തടവറയിലെന്ന പോലെ കഴിയണം, അമുസ്‌ലിം സ്ത്രീകളുമായി സംസാരിക്കരുത്, മറക്കുപിന്നിലായി കൊണ്ടല്ലാതെ പുരുഷന്മാരുമായി സംസാരിക്കരുത് തുടങ്ങിയ അന്ധവിശ്വാസങ്ങൾക്ക് ഖുർആനിലോ സുന്നത്തിലോ യാതൊരടിസ്ഥാനവും ഇല്ല. ഇത്തരം വിധികൾ വിശദീകരിക്കുന്ന മദ്ഹബിന്റെ ഇമാമുകൾ രചിച്ച ഫിഖ്ഹ് ഗ്രന്ഥങ്ങളിലും ഇല്ല. ഒരൊറ്റ പണ്ഡിതനും ഒരൊറ്റ മദ്ഹബും അതൊന്നും പറഞ്ഞിട്ടുമില്ല. തന്നിമിത്തം ഒരു മുസ്‌ലിംനാട്ടിലും ഇതൊന്നും പരിചിതമല്ല. അവരതൊന്നും കേട്ടിട്ടു പോലുമില്ല. 'നമ്മുടെ നിർദേശമില്ലാത്ത ഒരു കൃത്യം ഒരാൾ ചെയ്താൽ അത് തള്ളപ്പെടേണ്ടതാണ്' എന്നത്രെ തിരുമൊഴി.

## ഇദ്ദ ആചരിക്കുന്നവർക്ക് വീട് വിട്ട് വെളിയിൽ പോകാമോ?

**ഭർത്താവ്** മരണപ്പെട്ട സ്ത്രീയോട് അദ്ദേഹത്തിന്റെ വീട്ടിൽതന്നെ താമസിക്കണം എന്ന് ഇസ്‌ലാം ആവശ്യപ്പെടുന്നു. ഇദ്ദയുടെ കാലാവധി തീരുവോളം അവൾ വീടുവിട്ട് പോകരുത്. അബൂസഈദിൽ ഖുദ്‌രിയുടെ സഹോദരി ഫരീഅയിൽ നിന്ന് ഇപ്രകാരം ഉദ്ധരിക്കപ്പെടുന്നു: അവർ തിരുദൂതരെ സമീപിച്ച്, ഓടിപ്പോയ ഒരടിമയെ തേടിപ്പുറപ്പെട്ട തന്റെ ഭർത്താവ് കൊല്ലപ്പെട്ട വിവരം അറിയിക്കുകയും സ്വഭവനത്തിലേക്ക് തിരിച്ചുപോകാൻ അനുമതി ചോദിക്കുകയുമുണ്ടായി. 'എന്റെ ഭർത്താവ് ജീവിതച്ചെലവോ മറ്റോ എനിക്കുവേണ്ടി വിട്ടേച്ചു പോയിട്ടില്ല' അവർ ബോധിപ്പിച്ചു. പക്ഷേ, തിരുദൂതർ അനുവദിച്ചില്ല. അദ്ദേഹം പറഞ്ഞു: 'ഇദ്ദയുടെ കാലവധിയെത്തുന്നതുവരെ നീ ഭർത്താവിന്റെ വീട്ടിൽ താമസിക്കുക.' അങ്ങനെ അവർ നാലുമാസവും പത്തുദിവസവും ഭർതൃഗൃഹത്തിൽ തന്നെ താമസിച്ചു. നിർബന്ധമായും ആചരിക്കേണ്ടി വരുന്ന ഹിദാദിന്റെ കാലാവധി കഴിച്ചുകൂട്ടുവാൻ ഏറ്റവും യോജിച്ച ഇടം ഭർതൃഗൃഹമാണ് എന്നതാണ് ഇതിനു കാരണം. ഭർത്താവിന്റെ ബന്ധുക്കൾക്ക് ആശ്വാസം പകരാനും തെറ്റിദ്ധാരണകൾ ഉണ്ടാകാതിരിക്കാനും അതാണ് ഉചിതം.

**പുറത്ത് പോകാവുന്നത് എപ്പോൾ?**

എന്നാൽ, ഒരാവശ്യത്തിനുവേണ്ടി വീടുവിട്ടുപോകാം. ചികിത്സ സ്വീകരിക്കുക, അത്യാവശ്യസാധനങ്ങൾ വാങ്ങുക -വാങ്ങിക്കൊടുക്കാൻ മറ്റാരുമില്ലെങ്കിൽ - അധ്യാപിക, ഡോക്ടർ, നഴ്സ് തുടങ്ങിയ ജോലിക്കാരായ സ്ത്രീകൾ ജോലിക്ക് ഹാജരാവുക ആദിയായവ ഉദാഹരണം. ഒരാവശ്യത്തിനു വേണ്ടി പകൽ സമയത്ത് പുറത്തുപോകാമെങ്കിലും രാത്രി വീടുവിട്ടുപോകാൻ പാടുള്ളതല്ല. മുജാഹിദ് റിപ്പോർട്ട് ചെയ്യുന്നു: ഉഹുദിൽ കുറെ യോദ്ധാക്കൾ രക്തസാക്ഷികളായി. അവരുടെ ഭാര്യമാർ തിരുദൂതരെ സമീപിച്ച് പറഞ്ഞു: 'ഞങ്ങൾക്ക് രാത്രി ഏകാന്തത അനുഭവപ്പെടുന്നു. ഞങ്ങളെല്ലാവരും ഞങ്ങളിൽ ഒരാളുടെ വീട്ടിൽ അന്തിയുറങ്ങിക്കൊള്ളട്ടെയോ? നേരം പുലർന്നാൽ ഞങ്ങൾ വേഗം സ്വഭവനങ്ങളിലേക്ക് പോയ്ക്കൊള്ളാം?' തിരുദൂതർ പറഞ്ഞു: 'നിങ്ങളെല്ലാവരും ഒരാളുടെ വീട്ടിൽ വേണ്ടുവോളം സംസാരിച്ചിരുന്നുകൊൾക. ഉറങ്ങാറായാൽ എല്ലാവരും അവരവരുടെ വീടുകളിലേക്ക് പോയ്കൊള്ളണം.' രാത്രികാലത്തു പുറത്തുപോകുന്നത് തെറ്റിദ്ധാരണ സൃഷ്ടിക്കാനിടയുള്ളതിനാൽ നിർബന്ധിത സാഹചര്യത്തിലല്ലാതെ അത് അനുവദിക്കപ്പെട്ടിട്ടില്ല. ■